ഗവൺമെന്റുകളാണ്. കേന്ദ്ര ഗവൺമെന്റിന്റെ കീഴിൽ സംസ്ഥാനംപോലെ സംസ്ഥാനത്തിന്റെ കീഴിലുള്ള പ്രാദേശിക ഗവൺമെന്റുകളാണ് തദ്ദേശഭരണ സ്ഥാപനങ്ങൾ. ആ പ്രാദേശിക ഗവൺമെന്റുകൾക്ക് വികസന പ്രവർത്തനങ്ങളിൽ ചുമതലാബോധത്തോടുകൂടി ഉത്തരവാദിത്തം നിറവേറ്റിക്കൊടുക്കാൻ കഴിയുന്നില്ല. എന്നുള്ളത് വ്യസനകരമായ ഒരു സ്ഥിതിയാണ്. അക്കാര്യത്തെ സംബന്ധിച്ച് ഒരുറപ്പും ഇപ്പോൾ വകുപ്പ് കൈകാര്യം ചെയ്യുന്ന ബഹുമാനപ്പെട്ട മന്ത്രിയിൽനിന്നുമുണ്ടായിട്ടില്ല. നിങ്ങൾ ധനകാര്യവകുപ്പുമന്ത്രിയുമായി ചർച്ച ചെയ്യുന്നുണ്ട്. ഇക്കാലമത്രയും ചർച്ച ചെയ്തിട്ടും ഇന്നിപ്പോൾ തീയതി 23 ആയി. ഒഴിവുദിവസം കഴിച്ചാൽ മാർച്ച് 30-ന് 4 ദിവസമേയുള്ളു. അത് കഴിഞ്ഞാൽ എന്തായിരിക്കും സ്ഥിതി? അതിന് എന്താണ് പരിഹാരമെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞില്ലെങ്കിൽ ഞങ്ങൾക്ക് ഇവിടെനിന്ന് ഇറങ്ങിപോകേണ്ടി വരും. ഇതുസംബന്ധിച്ച് അങ്ങേക്ക് എന്തെങ്കിലും പറയാനുണ്ടോ?

*ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ:* നേരത്തേതന്നെ കാര്യങ്ങൾ വ്യക്തമാക്കിയതാണ്. അതിന്റെ ഗൗരവം ഉൾക്കൊള്ളുകയാണ്. മുഖ്യമന്ത്രിയും ധനകാര്യവകുപ്പു മന്ത്രിയുമായി സംസാരിച്ച് ഇതിന് കഴിയാവുന്നത്ര പരിഹാരമുണ്ടാക്കാൻ ശ്രമിക്കുന്നതാണ്.

# III. ശ്രദ്ധക്ഷണിക്കൽ

## (1) പുനലൂർ റീഹാബിലിറ്റേഷൻ പ്ലാന്റേഷനിലെ തൊഴിലാളികൾ നേരിടുന്ന പ്രതിസന്ധി

*ശ്രീ. പി. എസ്. സുപാൽ:* സർ, ഞാൻ മുൻപ് പല അവസരങ്ങളിലും ഈ സഭയിൽ ഇക്കാര്യം ഉന്നയിച്ചതാണ്. അതിന് ന്യായമായ പരിഹാരം ഉണ്ടാകാത്തതുകൊണ്ടാണ് വീണ്ടും ഇത് അവതരിപ്പിക്കുന്നത്. 1964-ൽ ഇൻഡ്യൻ പ്രധാനമന്ത്രിയായിരുന്ന ലാൽബഹദൂർ ശാസ്ത്രിയും അന്നത്തെ ശ്രീലങ്കൻ പ്രധാനമന്ത്രിയായിരുന്ന സിരിമാവോ ഭണ്ഡാരനായികയും തമ്മിലുള്ള ഉടമ്പടിയുടെ അടിസ്ഥാനത്തിലാണ് ഏതാണ്ട് എഴുന്നൂറോളം ശ്രീലങ്കൻ തമിഴ് കുടുംബങ്ങളെ പുനലൂർ മണ്ഡലത്തിലെ കുളത്തൂപ്പുഴയിൽ 'റീഹാബിലിറ്റേഷൻ പ്ലാന്റേഷൻ' എന്ന സ്ഥാപനം രൂപീകരിച്ച് പുനരധിവസിപ്പിച്ചത്. അന്ന് കൃഷിവകുപ്പുമന്ത്രിയായിരുന്ന സഖാവ് എം. എൻ. ഗോവിന്ദൻ നായരായിരുന്നു ഈ ആർ.പി.എൽ. സ്ഥാപിക്കുന്നതിന് ആവശ്യമായ നേതൃത്വം നൽകിയത്. ഈ അഭയാർത്ഥി കുടുംബങ്ങൾ ഇങ്ങോട്ട് വരുന്ന അവസരത്തിൽ ഇൻഡ്യൻ എമ്പസി അവർക്കൊരു ഫാമിലി കാർഡ് നൽകിയിരുന്നു. ആ ഫാമിലി കാർഡിൽ അവരുടെയെല്ലാം പേരുകളുണ്ടായിരുന്നു. അതിൽ ഓരോ

GPM. 2/247/2012.—17

LIBRARY ARCHIVES Kerala Legislative Assembly

കുടുംബത്തിലുമുളള 2 പേർക്ക് വീതം ജോലിയും അവിടെ നൽകിയിരുന്നു. ഇപ്പോൾ 40 വർഷം പിന്നിടുകയാണ്. അന്ന് ജോലി ലഭിച്ച പലയാളുകളും ഇന്ന് സർവ്വീസിൽ ഇല്ല; അവരെല്ലാം പിരിഞ്ഞുപോയി. അങ്ങനെ പിരിഞ്ഞുപോയ കുടുംബങ്ങളിലെ ആർക്കും ജോലി ഇല്ലാത്ത സ്ഥിതിയാണ് ഇന്നുള്ളത്. അതിനുശേഷം ജനിച്ച കുട്ടികളുടെ പേര് ആ കാർഡിൽ ഉൾപ്പെടുത്തിയിട്ടില്ല. ഫാമിലി കാർഡിൽ പേരില്ലാത്തതുകൊണ്ട് അവർക്ക് ജോലി കൊടുക്കാനുളള തീരുമാനമെടുക്കാനും

10.00 A.M.] കഴിഞ്ഞിട്ടില്ല. വളരെ ഗുരുതരമായ സാഹചര്യമാണ് ആർ. പി. എൽ.-ൽ ഉണ്ടാക്കിയിരിക്കുന്നത്. നിരവധി കുടുംബങ്ങളെ ഇത് ബാധിച്ചിരിക്കുകയാണ്. ഇന്നത്തേക്കാൾ രൂക്ഷമായ സാഹചര്യം അടുത്ത നാളുകളിൽ ഉണ്ടാകാൻ പോവുകയാണ്. അതുകൊണ്ട് ഇവിടെ വന്നതിനുശേഷം ജനിച്ചവരുടെ പേരുകൾ ഫാമിലി കാർഡിൽ ഉൾപ്പെടുത്താൻ ആവശ്യമായിട്ടുള്ള നടപടികൾ സ്വീകരിക്കണം. ഇതിന് സംസ്ഥാന ഗവൺമെന്റ് മുൻകൈയെടുക്കണം. കേന്ദ്ര ഗവൺമെന്റുമായി ബന്ധപ്പെട്ട് ചെയ്യേണ്ട കാര്യമാണെങ്കിലും സംസ്ഥാന ഗവൺമെന്റ് ഇക്കാര്യത്തിൽ കാണിക്കുന്ന അനാസ്ഥ ഒഴിവാക്കി ഫാമിലി കാർഡിൽ പേര് ഉൾപ്പെടുത്താൻ ആവശ്യമായിട്ടുളള നടപടികൾ സ്വീകരിക്കണം. ബഹുമാനപ്പെട്ട മന്ത്രി, ആ തീരുമാനം വരുന്നതുവരെ ഫാമിലി കാർഡിൽ പേരില്ലാത്തതും ഒരാളിനുപോലും ജോലിയില്ലാത്തതുമായ കുടുംബങ്ങളിൽ ഒരാൾക്ക് താൽക്കാലികമായി ജോലി നൽകുമെന്നു ഞങ്ങളുടെ സാന്നിദ്ധ്യത്തിൽ അങ്ങ് അവിടെ വിളിച്ചുകൂട്ടിയ മീറ്റിംഗിൽ പറഞ്ഞതാണ്. അതിനും പരിഹാരം ഉണ്ടാക്കിയിട്ടില്ല. ഉത്തരവുകൾ ഒരുപാട് കൊടുത്തു എന്നാണ് പറഞ്ഞത്. പക്ഷേ ഒരു ഉത്തരവും നടപ്പാക്കിയിട്ടില്ല. ഒരു സമീപനവും ഉണ്ടായിട്ടില്ല. അതുപോല മറ്റൊരു പ്രധാനപ്പെട്ട വിഷയം ഗ്രാറ്റുവിറ്റി ദിവസം വർദ്ധിപ്പിക്കുക എന്നത് ഒരു പ്രധാനപ്പെട്ട പ്രശ്നമാണ്. ഇതിനു സമാനമായ ഓയിൽ പാം ഇന്ത്യ ലിമിറ്റഡ്, ഫാമിംഗ് കോർപ്പറേഷൻ തുടങ്ങിയ സ്ഥാപനങ്ങളിലെ തൊഴിലാളികളുടെയും ജീവനക്കാരുടെയും, ഗ്രാറ്റുവിറ്റി ദിവസങ്ങൾ വർദ്ധിപ്പിക്കുന്ന കാര്യം കഴിഞ്ഞ എൽ. ഡി. എഫ്. സർക്കാർ തീരുമാനിച്ചിരുന്നു. എന്നാൽ ഇതുവരെ അതിന് സമാന സ്വഭാവമുള്ള ആർ. പി. എൽ.-ലെ ഗ്രാറ്റുവിറ്റി ദിവസം വർദ്ധിപ്പിക്കുന്നതിന് തീരുമാനമായിട്ടില്ല. ഇക്കാര്യത്തിൽ നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. അവിടത്തെ കുടിവെള്ള ക്ഷാമവുമായി ബന്ധപ്പെട്ട വിഷയത്തിന് സത്വര നടപടിയുണ്ടാകണം. അതുപോലെ തന്നെ ക്വാർട്ടേഴ്സ് ആവശ്യത്തിന് തികയാത്ത സാഹചര്യമുണ്ട്. ഇതിൽ ഗവൺമെന്റ് അടിയന്തിരമായി ഇടപെട്ടു ആവശ്യമായ ക്വാർട്ടേഴ്സ് നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം. അതുപോലെ അങ്ങ് അന്നത്തെ മീറ്റിംഗിൽ റബ്ബറധിഷ്ഠിത സാങ്കേതിക കോഴ്സ് പഠിപ്പിക്കുന്ന സ്ഥാപനം ആരംഭിക്കുമെന്ന് പറഞ്ഞിരുന്നതാണ്. പക്ഷേ ഒരു നടപടിയും ഇതേവരെ ഉണ്ടായിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

മന്ത്രിതല മീറ്റിംഗ് വിളിച്ചുകൂട്ടി, അങ്ങ് രണ്ടു തവണ വന്നു. അത് നല്ലതുതന്നെയാണ്. സന്തോഷകരമാണ്. പക്ഷേ ഇതിന് ഒരു തീരുമാനവും നടപടിയുമുണ്ടാകുന്നില്ല. മന്ത്രിതല മീറ്റിംഗിൽ എടുത്ത തീരുമാനങ്ങളിന്മേൽ അടിയന്തിര നടപടി ഉണ്ടാകണം. പൊതുവായി കേരളത്തെയാകെ ബാധിക്കുന്ന ഒന്നാണ് തോട്ടം മേഖല. തൊഴിലാളി കളുടെ ശമ്പളം പുതുക്കി നിശ്ചയിക്കുന്ന കാര്യത്തിൽ കുറ്റകരമായ അനാസ്ഥയാണ് ഗവൺമെന്റ് സ്വീകരിച്ചിരിക്കുന്നത്. പല തവണ ഈ വിഷയം ഉന്നയിച്ചതാണ്. ഏറ്റവും ഒടുവിൽ ശ്രീ. പി. ജെ. ജോയി ഈ കാര്യം ഉന്നയിച്ചു. നോട്ടിഫിക്കേഷൻ ഇറക്കിക്കൊണ്ട് ഗവൺമെന്റ് ഈ കാര്യത്തിൽ ഇച്ഛാശക്തി കാണിക്കണമെന്നാണ് ഞാൻ ആവശ്യപ്പെടുന്നത്. പക്ഷേ നടപടി ഒന്നും ഉണ്ടായിട്ടില്ല. ഗവൺമെന്റ് തൊഴിലാളികളുടെ പക്ഷത്താണോ മുതലാളിമാരുടെ പക്ഷത്താണോയെന്നു വ്യക്ത മാക്കണം. തോട്ടം തൊഴിലാളികളുടെ കൂലി ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം രണ്ടാമത്തെ തവണയാണ് വർദ്ധിപ്പിക്കേണ്ടത്. മാർച്ച് 31 ആകുമ്പോൾ ഈ സർക്കാരിന്റെ രണ്ടാമത് കൂലി വർദ്ധിപ്പിക്കേണ്ട സമയം ആകുക യാണ്. ഇതുവരെ ഒരു തവണ പോലും ഈ ഗവൺമെന്റ് കൂലി വർദ്ധിപ്പിക്കാൻ നടപടി സ്വീകരിച്ചിട്ടില്ല. അങ്ങ് ഇപ്പോഴും സമവായം പറഞ്ഞുകൊണ്ടിരിക്കുകയാണ്. മന്ത്രി മുതലാളിമാരെയും തൊഴിലാളികളെയും ഒരുമിച്ച് ഒരു വേദിയിൽ കൊണ്ടുവന്നു ഇതിനു പരിഹാരം ഉണ്ടാക്കാൻ ശ്രമിക്കുമെന്നാണ് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു കൊണ്ടിരുന്നത്. 4 വർഷം കഴിഞ്ഞിരിക്കുന്നു. അങ്ങ് മുതലാളിമാരുടെ താൽപര്യ മാണോ സംരക്ഷിക്കുന്നത് ? ഞങ്ങൾക്കറിയണം. അങ്ങ് മുതലാളിമാരുടെ താല്പ ര്യമാണ് സംരക്ഷിക്കുന്നതെങ്കിൽ അതിനോട് യോജിക്കാൻ കഴിയുകയില്ല. അല്ലെങ്കിൽ ഇക്കാര്യത്തിൽ നോട്ടിഫിക്കേഷനാണ് മാർഗ്ഗം. ആ മാർഗ്ഗം സ്വീകരിക്കാൻ അങ്ങ് തയ്യാറാകണം. പല അവസരങ്ങളിലും ഞങ്ങൾ ചൂണ്ടിക്കാണിച്ചതാണ്. ഏറ്റവും ഒടുവിൽ ശ്രീ. പി. ജെ. ജോയി അടക്കം ഈ സഭയിൽ ഉന്നയിച്ചപ്പോൾ നോട്ടിഫിക്കേ ഷനിലൂടെ തോട്ടം തൊഴിലാളികളുടെ കൂലി പുതുക്കി നിശ്ചയിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമെന്നു പറഞ്ഞു. അങ്ങ് ഇക്കാര്യത്തിൽ ഒരു മാതൃക കാണി ക്കേണ്ട ആളാണ്. അങ്ങ് വലിയ തൊഴിലാളി പാരമ്പര്യമുള്ള ഒരു കുടുംബത്തിൽനിന്നു വന്ന ഒരു രാഷ്ട്രീയ നേതാവാണ്. തൊഴിലാളി ഭാഗത്ത് അങ്ങ് നിൽക്കണം. ആ നിലയ്ക്ക് ചിന്തിക്കണം. ആർ. പി. എൽ.-ലെ തൊഴിലാളികളുടെ അടിയന്തിര പ്രശ്നങ്ങൾ പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

തൊഴിൽ വകുപ്പുമന്ത്രി ( *ശ്രീ. ബാബു ദിവാകരൻ* ) : സർ, ബഹുമാനപ്പെട്ട പി. എസ്. സുപാൽ ചൂണ്ടിക്കാണിച്ചതുപോലെ റീഹാബിലിറ്റേഷൻ സ്കീം എന്നു

LIBRARY ARCHIVES Kerala Legislative Assembly

പറയുന്നത് ഒരു പ്രത്യേക സ്കീമാണ്. അതാണ് ഇതിന്റെ പ്രത്യേകത. 700 ശ്രീലങ്കൻ repatriate ഫാമിലിയെ repatriate ചെയ്യാനുള്ള സ്കീമാണിത്. അതിന് ഒരുപാട് പ്രത്യേകതകൾ ഉണ്ട്. ഇത് സംസ്ഥാന സർക്കാരിന്റെ പരിധിയിൽ

10.00 A.M.]

നിൽക്കുന്ന കാര്യം മാത്രമല്ല കേന്ദ്ര ഗവൺമെന്റിന്റെ 49 ശതമാനം പങ്കാളിത്തത്തോടുകൂടിയുള്ളതാണ്. അവരുടെ ഡയറക്ടേഴ്സ് അടങ്ങുന്ന ഒരു ബോർഡാണ് ഇക്കാര്യം തീരുമാനിക്കുന്നത്. ഇവിടെ ചൂണ്ടിക്കാണിച്ച ഒന്നു രണ്ടു കാര്യങ്ങൾ ഉണ്ട്. അതിൽ അവസാനം പറഞ്ഞത് ഞാൻ ആദ്യം പറയാം. തോട്ടം എന്ന നിലയിൽ പി. എൽ. സി. തീരുമാനത്തിന് വിധേയമായിട്ടാണ് ഇത് പ്രവർത്തിക്കുന്നത്. തോട്ടങ്ങളിലെ കൂലി നിശ്ചയിക്കുന്നതുസംബന്ധിച്ച് കേരളത്തിലെ തോട്ടം മേഖലയിൽ നിലനിൽക്കുന്ന സ്ഥിതി അങ്ങേയ്ക്കും നല്ലതുപോല അറിയാവുന്നതാണ്. പി. എൽ. സി. കൂലി നിശ്ചയിച്ച് ഗവൺമെന്റിനെ അറിയിക്കുമ്പോൾ ഗവൺമെന്റ് അത് നോട്ടിഫൈ ചെയ്യും അതാണ് ഇതുവരെയുള്ള കീഴ്വഴക്കം. പി. എൽ. സി. തീരുമാനം എടുക്കാതെ വന്നപ്പോൾ ഒരു തവണ മാത്രം നോട്ടിഫിക്കേഷൻ ഇറക്കിയിട്ടുണ്ട്. പ്രൊസീഡ്യൂവർ അതാണ്. കേരളത്തിലെ തോട്ടം മേഖലയിലെ പ്രശ്നങ്ങൾ കണക്കിലെടുത്തുകൊണ്ട് ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചതുപോലെ ദിവസം 5 രൂപ വീതം ഇന്ററിം റിലീഫ് തോട്ടം തൊഴിലാളികൾക്ക് കൊടുത്തിട്ടുണ്ട്. ഇതു പുതുക്കി നിശ്ചയിക്കുന്നതുവരെ ദിവസവും 5 രൂപ വീതം ഒരു തൊഴിലാളിക്ക് ലഭിക്കും. അത് ഇപ്പോൾ തന്നെ നടപ്പിലാക്കി കഴിഞ്ഞു. ഗവൺമെന്റ് നോട്ടിഫിക്കേഷനിൽ ഇത്ര ശതമാനം വർദ്ധിപ്പിച്ചു നൽകുമെന്നേ പറയാനൊക്കൂ. ശാസ്ത്രീയമായി സ്ഥിതിഗതികൾ വിലയിരുത്തി തീരുമാനമെടുക്കാൻ പി. എൽ. സി. ക്കെ കഴിയുകയുള്ളു. കാലാകാലങ്ങളായി അങ്ങനെയാണ് ചെയ്തിട്ടുള്ളത്. പി. എൽ. സി. മീറ്റിംഗിൽ ഇത് സംബന്ധിച്ച് തീരുമാനമെടുക്കാൻ ഒരു സബ്കമ്മിറ്റിയുണ്ടാക്കാം. തോട്ടം മേഖലയിൽ 10—22 തോട്ടങ്ങൾ ഇപ്പോഴും പൂട്ടിക്കിടക്കുകയാണ്. തീരുമാനിച്ചാൽ മാത്രം മതിയോ, ഇത് കൊടുക്കണ്ടേ ? തോട്ടം തൊഴിലാളി നേതാക്കന്മാരെല്ലാം അടങ്ങുന്ന ഒരു കമ്മിറ്റിയാണിത്. അവരാണ് തീരുമാനം എടുക്കേണ്ടത്. അവർക്ക് ഒരു ധാരണയിൽ എത്താൻ കഴിയുന്നില്ല. ഗവൺമെന്റ് വളരെ സീരിയസായി ആലോചിക്കാം. തോട്ടങ്ങൾ എത്ര പൂട്ടിയാലും കൂലി നിശ്ചയിച്ചാൽ മതി എന്നു തീരുമാനിക്കുന്നതിനോട് ഗവൺമെന്റിന് യോജിപ്പില്ല. അങ്ങനെയങ്ങ് തീരുമാനിക്കാൻ പറ്റില്ല. ഗവൺമെന്റിന് തോട്ടം ഉടമകളുടെയും, തോട്ടം തൊഴിലാളികളുടെയും എല്ലാ വശങ്ങളും കേട്ടിട്ടേ തീരുമാനം എടുക്കാൻ പറ്റൂ. അതുകൊണ്ടാണ് ഇന്ററിം റിലീഫ് എന്നുള്ള നിലയിൽ ദിവസം 5 രൂപ വർദ്ധിപ്പിച്ചു കൊടുത്തത്. ഞാനും കൂടി പങ്കെടുത്ത് പി. എൽ. സി. മീറ്റിംഗിൽ അവരെക്കൊണ്ട് തീരുമാനം എടുപ്പിച്ചു. തോട്ടം

LIBRARY ARCHIVES Kerala Legislative Assembly

ഉടമകൾ അത് അംഗീകരിച്ചില്ല. അവർ കോടതിയിൽ പോയി. ഞങ്ങളിപ്പോൾ അതിനെതിരെ കോടതിയിൽ ഫൈറ്റ് ചെയ്തുകൊണ്ടിരിക്കുകയാണ്. എങ്കിലും അത് നടപ്പിലാക്കണമെന്നവാശിയിൽ ഞങ്ങൾ അന്നുതന്നെ നടപ്പിലാക്കി. ഒരു ദിവസം പോലും വെയ്റ്റ് ചെയ്തില്ല. പിന്നെ ഗ്രാറ്റുവിറ്റിയുടെ കാര്യത്തിൽ ഗ്രാറ്റുവിറ്റി നിയമമാണ് ഇന്ത്യയിലാകെ ബാധകമാക്കിയിട്ടുള്ളത്. ഇവിടെ തൊട്ടുടുത്തുള്ള ഓയിൽ ഫാമിലും പ്ലാന്റേഷൻ കോർപ്പറേഷനിലും പിന്നെ ഗ്രാറ്റുവിറ്റിയുടെ കാര്യത്തിൽ റീഹാബിലിറ്റേഷൻ പ്ലാന്റേഷനിൽ insurance linked ആയിട്ടുള്ള സ്ക്കീമാണുള്ളത്. ഗ്രാറ്റുവിറ്റിയുടെ വിഹിതം കാലാകാലങ്ങളിലായി ഇൻഷ്വറൻസ് കൊടുക്കുന്നതാണ്. അത് അഷ്വേർഡാണ്. അത് ഒരു നീണ്ട വർഷത്തെ കണക്കുകൂട്ടിയാണ് ഗ്രാറ്റുവിറ്റി കൊടുത്തുകൊണ്ടിരിക്കുന്നത്. ഇപ്പോൾ ഇത് പരിശോധിച്ചു രണ്ട് ഇരട്ടിയാക്കി. ഇപ്പോൾ 15 ദിവസം എന്നുള്ളത് ഒരു മാസമാക്കി കൊടുക്കണമെന്നുള്ളതാണ്. പരിശോധിച്ചപ്പോൾ ഒരു വർഷത്തെ കമിറ്റ്മെന്റ് 42 ലക്ഷം രൂപവരും. ഇപ്പോൾ അവിടെ റീപ്ലാന്റേഷൻ നടന്നു കൊണ്ടിരിക്കുകയാണ്. 30 ശതമാനം വരുമാനമേ ഇപ്പോഴുള്ളു. അതിപ്പോൾ ആലോചിക്കാൻ പറ്റുന്ന ഒരു സമയമല്ലെന്നു മാത്രമേ അവർ പറഞ്ഞിട്ടുള്ളു. ഇപ്പോൾ ഇൻട്രോഡ്യൂസ് ചെയ്യുന്നതിനുള്ള സമയമല്ല എന്നു മാത്രമേ അവർ പറഞ്ഞുള്ളു. അതും കേന്ദ്ര ഗവൺമെന്റിൽ നിന്നുള്ള രണ്ട് ഡയറക്ടേഴ്സ് ചേർന്നാണ് തീരുമാനിക്കാൻ. അവർ ശക്തമായി അതിനെ എതിർക്കുന്നു. ഗവൺമെന്റ് ഇതിനുവേണ്ടി ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. പിന്നെ ഇവിടെ പറഞ്ഞ മറ്റൊരുകാര്യം റിപാട്രിയേറ്റ്സിനെ ഫാമിലികാർഡിൽ ഉൾപ്പെടുത്തുന്നതിനെപ്പറ്റിയാണ്. ഇതുപോലെ ഒരു സ്ക്കീം തമിഴ്നാട്ടിലും ആന്ധ്രയിലും നടപ്പിലാക്കിയിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റാണ് റിപാട്രിയേറ്റ്സിനെ തീരുമാനിക്കുന്നത്. അവർ എടുത്തിരിക്കുന്ന നിലപാട് അന്ന് 700 ഫാമിലി എന്നുള്ള നിലയിൽ അവർ റിപാട്രിയേറ്റ്സാണ്. ശ്രീലങ്കയിൽ ജനിച്ചു വളർന്നവരെയാണ് ഇവിടെ റിപാട്രിയേറ്റായിട്ട് കൊണ്ടുവന്നത്. ഇവിടെ ജനിച്ചവർ റിപാട്രിയേറ്റാവുകയില്ല. They are Indian born children. കേന്ദ്ര ഗവൺമെന്റുമായി ഞാൻ ബന്ധപ്പെട്ടു. അതുകൊണ്ട് അവരെ റിപാട്രിയേറ്റ്സിന്റെ ഫാമിലിയിൽ ഉൾപ്പെടുത്താൻ പറ്റില്ല. ഇതാണ് തർക്കം. ഞാൻ ഇതെല്ലാം കണക്കിലെടുത്തു കൊണ്ടാണ് സംസാരിക്കുന്നത്. അവിടെ ചില പ്രശ്നങ്ങളുണ്ട്, ജോലിയില്ലാത്തവരുടെ കാര്യം ബഹുമാനപ്പെട്ട പി. എസ്. സുപാൽ പറയുന്ന അത്രയും നമ്പർ ഒന്നും ഇല്ല. 8 ഫാമിലിയേയുള്ളു. ഞാൻ അന്നുതന്നെ തീരുമാനമെടുത്ത് ജോലിയില്ലാത്ത ഫാമിലിയുണ്ടെങ്കിൽ അവർക്ക് കാഷ്വലായിട്ട് ജോലി കൊടുക്കാൻ തീരുമാനിച്ചു. അങ്ങനെ ആറ് ഫാമിലീസിന് കൊടുത്തു. എലിജിബിളായിട്ടുള്ള മറ്റ് ആളുകളുണ്ട്. അവർക്കേ ജോലി കൊടുക്കാൻ പറ്റു. ആ തീരുമാനം നടപ്പിലാക്കിയിട്ടുണ്ട്. ഈ പറയുന്നതാണ് പ്രശ്നം അല്ലാതെ ഗുരുതരമായ യാതൊരു പ്രശ്നവും അവിടെയില്ല.

LIBRARY ARCHIVES Kerala Legislative Assembly

8 ഫാമിലിയിൽ തൊഴിലില്ലാത്തവരുണ്ട്. എന്തൊക്കെയാണെങ്കിലും കേന്ദ്ര ഗവൺമെന്റാണ് തീരുമാനം എടുക്കേണ്ടത്. ആ തീരുമാനം വരുന്നതുവരെ അവരെ കാഷ്വൽ എംപ്ലോയ്മെന്റിൽ എൻഗേജ് ചെയ്യാൻ ഞാൻ ഉത്തരവ് കൊടുത്തു. അതനുസരിച്ച് അവർ ജോയിൻ ചെയ്തിട്ടുണ്ട്. ഇവിടെ കുടിവെള്ളത്തിന്റെ കാര്യം പറഞ്ഞു. ഞാൻ ഇതിന്റെ ചുമതല ഏറ്റെടുത്തശേഷം പല തവണ ആ എസ്റ്റേറ്റിൽ പോയി. ഇതൊരു റീഹാബിലിറ്റേഷൻ സ്ക്കീമാണ്. തൊഴിലാളികളുടെ വെൽഫെയറിനുവേണ്ടി ഉണ്ടാക്കിയതാണ്. അതുകൊണ്ട് ലാഭം നോക്കാതെ തന്നെ തൊഴിലാളികളുടെ വെൽഫെയറിന് മുൻതൂക്കം കൊടുക്കണമെന്നു പറഞ്ഞു. എല്ലാ ലയങ്ങളിലും ആവശ്യമായ കുടിവെള്ളം എത്തിക്കുന്നതിനു പ്രയോറിറ്റി കൊടുത്തു. അങ്ങേയ്ക്കറിയാം ഉണക്ക് കാലത്ത് അവിടുത്തെ കിണറുകളെല്ലാം വറ്റും; വെള്ളത്തിന് ബുദ്ധിമുട്ടുണ്ടാകും. അങ്ങനെ ബുദ്ധിമുട്ടുണ്ടാകുന്നിടത്ത് ലോറിയിൽ വെള്ളം കൊടുക്കാനുള്ള ഏർപ്പാട് ചെയ്തിട്ടുണ്ട്. ഒരു ലയത്തിലും വെള്ളത്തിനു ബുദ്ധിമുട്ടുണ്ടാകുന്ന പ്രശ്നം ഉണ്ടാകാതെ ഉത്തരവാദിത്തത്തോടെ കാര്യങ്ങൾ ചെയ്യുന്നതാണ്. ക്വാർട്ടേഴ്സിന്റെ കാര്യം പറഞ്ഞു. 700 ഫാമിലിയെ താമസിപ്പിക്കുവാൻ വേണ്ടി 700 ക്വാർട്ടേഴ്സ് അവിടെ ഉണ്ടാക്കി. ഇപ്പോൾ അതിൽ കുറേയൊക്കെ dilapidated condition-ൽ ആണ്. മാറ്റി പണിഞ്ഞില്ല. ഈ വർഷം അമ്പത് ക്വാർട്ടേഴ്സ് പുതുതായി പണിതുകൊണ്ടിരിക്കുകയാണ്. ഓരോ വർഷവും അമ്പത് ക്വാർട്ടേഴ്സ് വീതം പുതുതായി പണിയും. അത് ഏതാനും ദിവസങ്ങൾക്കകം പൂർത്തിയാകുമെന്നാണ് റിപ്പോർട്ട് ചെയ്തിരിക്കുന്നത്. അതുപോലെ ഈ പ്ലാന്റേഷൻ വളരെ കുഴപ്പമൊന്നുമില്ലാതെ വർഷങ്ങളായി ലാഭത്തിലാണ് പ്രവർത്തിക്കുന്നത്. ആ കാര്യംകൂടി ശ്രീ. പി. എസ്. സുപാൽ മനസ്സിലാക്കണം. ഇന്ത്യയിൽ റി-ഹാബിലിറ്റേഷൻ സ്ക്കീം പലയിടത്തും ഉണ്ടായിട്ടുണ്ടെങ്കിലും ഇതുപോലെ ഭംഗിയായി നടക്കുന്ന ഒരു സ്ക്കീമും വേറെയില്ല. വർഷങ്ങളായി ലാഭത്തിലാണെന്നു മാത്രമല്ല, റബ്ബറിന് ഏറ്റവും വില കുറഞ്ഞുനിന്ന കഴിഞ്ഞ വർഷംപോലും ആറുകോടി രൂപയോളം ലാഭമുണ്ടാക്കിയ ഒരു സ്ഥാപനമാണത്. ഈ വർഷവും ലാഭത്തിൽ തന്നെയാണ് നില്ക്കുന്നത്. അതിന്റെ പ്രവർത്തനങ്ങൾ വളരെ സൂക്ഷിച്ചും കാര്യക്ഷമതയോടെ നോക്കുന്നതുകൊണ്ടുമാണ് ലാഭം കിട്ടുന്നത്. തൊഴിലാളികളുടെ ആനുകൂല്യങ്ങളിൽ ഒരു കുറവും വരുത്തുന്നില്ല. ഇപ്പോൾ ആകെ അവർക്കുള്ള പ്രശ്നം ഗ്രാറ്റുവിറ്റിയാണ്. അത് ഡയറക്ടർ ബോർഡ് പല തവണ ചർച്ച ചെയ്ത കാര്യമാണ്. പക്ഷേ യോജിക്കുവാൻ അവർക്ക് കഴിയുന്നില്ല. എങ്കിലും അത് പരിശോധിക്കും. ഏതെല്ലാം നിലയിൽ അത് നടപ്പിലാക്കുവാൻ കഴിയുമെന്നുള്ളത്, ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം അത് ഒരു മാസം കൊടുക്കണമെന്നുതന്നെയാണ്. പക്ഷേ നിയമപരമായി ചില തടസ്സങ്ങളുണ്ട്. അത് നീക്കി കൊടുക്കുന്നതാണ്. ആകെക്കൂടി

LIBRARY ARCHIVES Kerala Legislative Assembly

ഇവിടെ ഉണ്ടാകുന്ന എന്തു പ്രശ്നങ്ങളായാലും ഈ അടുത്ത മാസം തന്നെ, ഏപ്രിൽ മാസംതന്നെ എല്ലാവരുമായി ഒന്നുകൂടി ചർച്ച ചെയ്യുന്നതാണ് എന്നു ഞാൻ അറിയിക്കുന്നു.

*ശ്രീ. പി. എസ്. സുപാൽ :* സർ, തോട്ടം മേഖലയിൽ കൂലി പുതുക്കി നിശ്ചയിക്കുന്നതുമായി ബന്ധപ്പെട്ട് വാസ്തവ വിരുദ്ധമായ പ്രസ്താവനകളാണ് നടത്തിക്കൊണ്ടിരിക്കുന്നത്. പി. എൽ. സി. യിൽ തൊഴിലാളി നേതാക്കന്മാർ കൂലി വർദ്ധിപ്പിക്കണമെന്നുള്ള നിലപാടാണ് സ്വീകരിക്കുന്നത്. റബ്ബറിന്റെ വില വർദ്ധിച്ചിട്ടുണ്ട്. അതുകൊണ്ട് റബ്ബർ മേഖലയിൽ കൂലി വർദ്ധിപ്പിക്കണമെന്നുള്ള തീരുമാനം എടുക്കുന്നതിന് ഒരു തടസ്സവുമില്ല. അത് നടപ്പാക്കുന്നതിൽ തടസ്സമില്ല. ഗവൺമെന്റിന് ഇക്കാര്യത്തിൽ ഇച്ഛാശക്തിയില്ല എന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം. ഇക്കാര്യത്തിൽ ഇനിയും ഒളിച്ചുകളി നടത്താൻ അനുവദിക്കുകയില്ല. നാലു വർഷമായി, നിങ്ങളുടെ സർക്കാർ വന്നശേഷം രണ്ടാമത്തെ കൂലി നിശ്ചയിക്കേണ്ട സമയം കഴിഞ്ഞിരിക്കുകയാണ്. വലിയ തൊഴിലാളി പ്രേമമെല്ലാം നിങ്ങൾ പറയുന്നു. അതുകൊണ്ടാണ് ഞങ്ങൾ പറയുന്നത് മുതലാളിമാരുടെ ഭാഗത്തല്ല ഗവൺമെന്റ് നില്ക്കേണ്ടത്, ചിന്തിക്കേണ്ടത് എന്ന്. കൂലി പുതുക്കി നിശ്ചയിക്കുന്നതുമായി ബന്ധപ്പെട്ട് നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കുന്ന കാര്യം ഗവൺമെന്റിന് പരിഗണിക്കുവാൻ കഴിയുമോ?

*ശ്രീ. ബാബു ദിവാകരൻ :* ബഹുമാനപ്പെട്ട പി. എസ്. സുപാലിന് അറിഞ്ഞുകൂടാത്തതുകൊണ്ടാണ്. തോട്ടം മേഖലയിലെ കൂലി പുതുക്കി നിശ്ചയിക്കുമ്പോൾ റബ്ബറിനു മാത്രമായി കൂലി പുതുക്കി നിശ്ചയിക്കുവാൻ ഒക്കുകയില്ല. തോട്ടം മേഖലയിൽ വരുന്ന റബ്ബർ, കാപ്പി, തേയില, ഏലം ഇതെല്ലാം കൂടി ചേരുന്ന ഒരു മിനിമം വേജസ് ആണ് പ്രഖ്യാപിക്കുന്നത്. റബ്ബറിനു മാത്രം വിലകൂടി. ഏലത്തിന് വില കുറഞ്ഞു. തേയിലയുടെ വില കുറഞ്ഞിരിക്കുന്നു. ഇതിനെല്ലാംകൂടി യൂണിഫോം വില വർദ്ധനവു വരുമ്പോൾ തോട്ടം തൊഴിലാളികൾക്കോ തോട്ടം ഉടമകൾക്കോ കൊടുക്കാൻ കഴിയാത്ത ഒരു സ്ഥിതി വരും. അതുകൊണ്ട് റബ്ബറിന് ഒരു ദിവസം അഞ്ചു രൂപ വർദ്ധനവ് ഇടക്കാല ആശ്വാസം എന്ന നിലയിൽ കൊടുത്തിട്ടുണ്ട്. നോട്ടിഫിക്കേഷൻ ഇറക്കിയാൽ മാത്രം മതിയോ? നോട്ടിഫിക്കേഷൻ ഇറക്കിയാൽ മാത്രം മതിയെങ്കിൽ ഇത് ആരും കൊടുക്കുകയില്ല. രണ്ടു പ്രാവശ്യം ഇത് വർദ്ധിപ്പിക്കുവാൻ കഴിയുകയില്ല എന്നു പറഞ്ഞ് മാനേജർമാർ കോടതിയിൽ പോയി. കേസ് കൊടുത്തതിനു ശേഷവും അവരുമായി ചർച്ച ചെയ്തു. പിന്നീട് ആ കേസ് പിൻവലിപ്പിക്കുകയാണ് ചെയ്തത്. പിൻവലിപ്പിച്ചിട്ടാണ് അഞ്ചുരൂപയുടെ വർദ്ധനവ് വരുത്തിയത്. ഇനിയും ഈ മാസം അടുത്ത ആഴ്ച തന്നെ പി. എൽ. സി. കൂടുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

അതിനും ഒരു തീരുമാനം ഉണ്ടാകുന്നില്ല എങ്കിൽ നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കുന്നതിനെക്കുറിച്ച് ഗവൺമെന്റ് സീരിയസ്സായി ആലോചിക്കും.

## (2) ഇരിങ്ങാലക്കുട ജില്ല രൂപീകരിക്കേണ്ടതിന്റെ ആവശ്യകത

*ശ്രീ. തോമസ് ഉണ്ണിയാടൻ :* സർ, വളരെ ഗൗരവമായ കാര്യത്തിലേക്ക് സഭയുടെ ശ്രദ്ധയെ തിരിക്കുവാൻ വേണ്ടിയാണ് ഞാൻ ഈ ശ്രദ്ധക്ഷണിക്കൽ അവതരിപ്പിക്കുന്നത്. അഖിലേന്ത്യാ ശരാശരി അനുസരിച്ച് ഒരു ജില്ലയുടെ ജനസംഖ്യ എന്നു പറയുന്നത് 18.50 ലക്ഷമാണ്. കേരളത്തിൽ ജില്ലയുടെ ശരാശരി ജനസംഖ്യ എന്നു പറയുന്നത് 21.78 ലക്ഷമാണ്. ഇത് കാനേഷുമാരി കണക്ക് അനുസരിച്ചുള്ളതാണ്. ഈ കണക്കനുസരിച്ച് ഒരു പുതിയ ജില്ല കേരളത്തിൽ അനിവാര്യമാണ്. ഭൂമിശാസ്ത്രപരമായിട്ടുള്ള ആവശ്യത്തെ മാനിച്ചും ഭരണ നിർവ്വഹണത്തിനും ഇത് അത്യന്താപേക്ഷിതമാണ്. അങ്ങനെ വരുമ്പോൾ 1949 ജൂലായ് മാസം ഒന്നാം തീയതി നിലവിൽവന്ന തൃശ്ശൂർ ജില്ലയുടെ അഞ്ച് താലൂക്കുകളിലായിട്ട് 252 വില്ലേജുകളും പതിനേഴ് ബ്ലോക്കുകളിലായി 99 പഞ്ചായത്തുകളും ആറ് മുനിസിപ്പാലിറ്റികളും ഒരു കോർപ്പറേഷനും 3032 ച: കി. മീറ്റർ ചുറ്റളവിലായി സ്ഥിതി ചെയ്യുന്നതും 2,295,550 ജനസംഖ്യയുമുള്ള തൃശ്ശൂർ ജില്ല വിഭജിച്ച് ഇരിങ്ങാലക്കുട കേന്ദ്രമായി പുതിയ ഒരു ജില്ല രൂപീകരിക്കണമെന്നാണ് എനിക്ക് ശ്രദ്ധക്ഷണിക്കലിലൂടെ ആവശ്യപ്പെടാനുള്ളത്. നിലവിലുള്ള തൃശ്ശൂർ ജില്ലയുടെ മേപ്പ് ഇതാണ്. ബഹുമാന്യനായ മന്ത്രി കെ. എം. മാണി സാറിന് ഇതു സംബന്ധിച്ച കാര്യങ്ങൾ അറിയാമെന്ന് എനിക്ക് ബോദ്ധ്യമുണ്ട്. ഇതാണ് വിസ്തൃതമായ ജില്ല. മുകുന്ദപുരം താലൂക്കിന്റെ കിഴക്കേഅറ്റം സ്ഥിതി ചെയ്യുന്നത് തമിഴ്നാട്ടിലാണ്. അങ്ങനെ വരുമ്പോൾ ഈ ജില്ല ഡിവൈഡ് ചെയ്ത്, തൃശ്ശൂർ ജില്ലയുടെ തെക്കേ ഭാഗമായിട്ടുള്ള ഇരിങ്ങാലക്കുട കേന്ദ്രീകരിച്ച് പുതിയ ജില്ല രൂപീകരിക്കുമ്പോൾ മുകുന്ദപുരം താലൂക്ക്, കൊടുങ്ങല്ലൂർ താലൂക്ക്, നാട്ടിക, പാറക്കടവ് ബ്ലോക്ക്, വടകര എന്നിങ്ങനെയായി 1649 ച: കിലോമീറ്ററിലായി 17.70 ലക്ഷം ജനസംഖ്യ വരുന്ന നിലയിൽ ജില്ല രൂപീകരിച്ചാൽ നന്നായിരിക്കുമെന്നാണ് എന്റെ അഭിപ്രായം. പുതിയ ജില്ലയുടെ രൂപരേഖ ഞാൻ തയ്യാറാക്കിയിട്ടുണ്ട്. ഇത് നാളുകളായി ആവശ്യപ്പെടുന്ന ഒരു സംഗതിയാണ്. ഞാൻ ഈ നിയമസഭയുടെ ആദ്യ സമ്മേളനത്തിൽ സബ്മിഷനിലൂടെ ആവശ്യപ്പെട്ടിരുന്ന സംഗതിയാണിത്. തൃശ്ശൂർ ജില്ല കേരളത്തിലെ മറ്റു ജില്ലകളിൽനിന്ന് ജനസംഖ്യയിൽ മുമ്പന്തിയിൽ നില്ക്കുന്ന ജില്ലകളിൽ ഒന്നാണ്. അങ്ങനെ വരുമ്പോൾ തീർച്ചയായും ഇരിങ്ങാലക്കുട കേന്ദ്രീകരിച്ച് ഒരു ജില്ല രൂപീകൃതമായാൽ ഭരണ നിർവ്വഹണത്തിന്

LIBRARY ARCHIVES Kerala Legislative Assembly